# കേരള സർക്കാർ

## സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ്- മരണപ്പെടുന്ന /കാണാതാകുന്ന/ അംഗഭംഗം സംഭവിക്കുന്ന സേനാംഗങ്ങളുടെ ആശ്രിതർക്ക് തൊഴിൽ സഹായം - അർദ്ധ സൈനിക വിഭാഗങ്ങളെ കൂടി ഉൾക്കൊള്ളിച്ച് - വ്യവസ്ഥകളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ വകുപ്പ്**

**സ.ഉ(അച്ചടി) നം.01/2019/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം: 07.06.2019**

പരാമർശം:- 29.04.2002 ലെ സ.ഉ(പി)നം.110/02/പൊ.ഭ.വ നമ്പർ ഉത്തരവ്.

## ഉത്തരവ്

1. പരാമർശ സർക്കാർ ഉത്തരവ് പ്രകാരം , യുദ്ധം / യുദ്ധസമാന സാഹചര്യങ്ങളിൽ മരണപ്പെടുന്ന /കാണാതാകുന്ന/ അംഗഭംഗം സംഭവിക്കുന്ന സൈനികന്റെ ഒരാശ്രിതനും, GREF / BSF ജവാന്മാർ മിലിട്ടറിയുമായി അറ്റാച്ചായിരിക്കവേ മരണപ്പെടുകയോ / കാണാതാകുകയോ/ അംഗഭംഗം സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ, അവരുടെ ഒരു ആശ്രിതനും. തൊഴിൽ സഹായത്തിനു അർഹതയുള്ളതാണ്.

2. അർദ്ധസൈനിക വിഭാഗങ്ങളിൽ സേവനത്തിലിരിക്കുമ്പോൾ , ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടെ മരണമടയുന്ന കേരളീയരുടെ ആശ്രിതരെ കൂടി തൊഴിൽ സഹായം സംബന്ധിച്ച വ്യവസ്ഥകളിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു.

3. ഈ സാഹചര്യത്തിൽ, തൊഴിൽ സഹായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന, പരാമർശ സർക്കാർ ഉത്തരവിൽ, തൊഴിൽ സഹായത്തിനുള്ള യോഗ്യതാ മാനദണ്ഡം സംബന്ധിച്ച്, ചുവടെ ചേർക്കും പ്രകാരമുള്ള ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"സേവനത്തിലിരിക്കുമ്പോൾ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടെ മരണമടയുന്ന / കാണാതാകുന്ന / മറ്റൊരു തൊഴിൽ ചെയ്യാൻ സാധിക്കാത്ത രീതിയിൽ അംഗഭംഗം സംഭവിക്കുന്ന സൈനികന്റെയും അർദ്ധ സൈനികന്റെയും ഒരാശ്രിതന് തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ്. സൈനിക- അർദ്ധ സൈനിക വിഭാഗങ്ങൾ എന്ന് ഉദ്ദേശിക്കുന്നത് ചുവടെ ചേർക്കുന്ന സേനാ - അർദ്ധസേനാ വിഭാഗങ്ങളായിരിക്കും".

(a) ആർമി /നേവി / എയർ ഫോഴ്സ്
(b) ആസാം റൈഫിൾസ് (AR)
(c) ബോർഡർ സെക്യൂരിറ്റി ഫോഴ്സ് (BSF)
(d) സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (CISF)
(e) സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (CRPF)
(f) ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് (ITBP)
(g) നാഷണൽ സെക്യൂരിറ്റി ഗാർഡ് (NSG)
(h) സശസ്ത്ര സീമാ ബെൽ (SSB)

**4.** ആർമിയുമായി അറ്റാച്ചായിരിക്കവെ മരണപ്പെടുന്ന /കാണാതാകുന്ന/ മറ്റൊരു തൊഴിൽ ചെയ്യാൻ സാധിക്കാത്ത രീതിയിൽ അംഗഭംഗം സംഭവിക്കുന്ന GREF വിഭാഗത്തിലുള്ളവരുടെ ഒരാശ്രിതനും തൊഴിൽ സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**5.** തൊഴിൽ സഹായം സംബന്ധിച്ച പരാമർശ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ ഇപ്രകാരമുള്ള ഭേദഗതി വരുത്തി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഹേമ പ്രഭ.ഡി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് -

1. ഡയറക്ടർ, സൈനികക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. എല്ലാ ജില്ലാ സൈനികക്ഷേമ ഓഫീസർമാർക്കും (ഡയറക്ടർ മുഖാന്തിരം)
3. എല്ലാ തഹസീൽദാർമാർക്കും
4. എല്ലാ ജില്ലാ കളക്ടർമാർക്കും
5. എല്ലാ വകുപ്പ തലവൻമാർക്കും
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
8. സെക്രട്ടറി, ഗവൺമെന്റ് ഓഫ് ഇന്ത്യ, പ്രതിരോധ മന്ത്രാലയം, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം)
9. ഡയറക്ടർ ജനറൽ റീസെറ്റിൽമെന്റ് , പ്രതിരോധ മന്ത്രാലയം, വെസ്റ്റ് ബ്ലോക്ക്, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം)
10. പൊതുഭരണ (എസ്.സി) വകുപ്പിന് (20.07.2016 ലെ ഇനം നം. 111 (OA) പ്രകാരം)
11. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്
12. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി (പ്രസിദ്ധീകരിണത്തിനായി)
13. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ